**ഭരണഭാഷ - മാതൃഭാഷ**

സ്പോർട്സ് 2/8487/2024/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 02.07.2024
ഫോൺ: 0471- 2580 534; supdts.dge@kerala.gov.in

പ്രേഷിതൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ

വിഷയം : പൊതുവിദ്യാഭ്യാസം - സ്പോർട്സ് - 2024 സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റ് സംസ്ഥാനതല മത്സരങ്ങൾ നടത്തുന്നത് - സംബന്ധിച്ച്

സൂചന : 31.05.2024 തീയതിയിലെ ഇതേ നമ്പർ കത്ത്

****************************

63-ാമത് സംസ്ഥാനതല സുബ്രതോ മത്സരങ്ങൾ ജൂലൈ 6 മുതൽ 9 വരെ നടത്താൻ നിശ്ചയിച്ചുകൊണ്ട് സൂചന കത്ത് പ്രകാരം അറിയിപ്പ് നൽകിയിരുന്നു. എന്നാൽ പ്രതികൂല കാലാവസ്ഥ മൂലം സബ് ജില്ല, ജില്ലാ തല മത്സരങ്ങൾ സമയബന്ധിതമായി പൂർത്തിയാകാത്ത സാഹചര്യമാണുള്ളത്. ആയത് പരിഗണിച്ചുകൊണ്ട് 63-ാ മത് സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റ് - 2024 **അണ്ടർ-15 (ആൺ), അണ്ടർ-17 (പെൺ), അണ്ടർ-17 (ആൺ)** വിഭാഗം സംസ്ഥാനതല മത്സരങ്ങൾ തീയതി പുനക്രമീകരിച്ച് **2024 ജൂലൈ 13 മുതൽ 15 വരെ ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറി സ്കൂൾ ഫുട്ബോൾ ഗ്രൗണ്ടിൽ** വച്ച് നടത്തുന്നതാണ്. സബ് ജില്ല, റവന്യൂ ജില്ലാ മത്സരങ്ങളിലൂടെ തെരഞ്ഞെടുത്ത താങ്കളുടെ ജില്ലയിലെ സ്കൂൾ ടീമുകളെ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ്. ജില്ലയിൽ വിജയികളായ സ്കൂൾ ടീമുകൾ **www.subrotocup.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ഫീസ് അടച്ച രസീതും, **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി വേണം രജിസ്ട്രേഷൻ സമയത്ത് എത്തേണ്ടത്.

**രജിസ്ട്രേഷൻ സ്ഥലവും തീയതിയും ചുവടെ ചേർക്കുന്നു**

| | |
|---|---|
| അണ്ടർ 17 ആൺ വിഭാഗം<br>അണ്ടർ 17 പെൺ വിഭാഗം | 2024 ജൂലൈ 12, 05.00 PM, ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറി സ്കൂൾ |
| അണ്ടർ 15, ആൺ വിഭാഗം | 2024 ജൂലൈ 13, 05.00 PM ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറി സ്കൂൾ |

**രജിസ്ട്രേഷനുമായി ബന്ധപ്പെടേണ്ട ഫോൺ നം:**

ശ്രീ. ജിജി ജോസഫ് (ജില്ലാ കോർഡിനേറ്റർ) - 9447648464
ശ്രീ അനിൽ എം.പി, ചെറുപ്പുളശ്ശേരി, എസ്.ഡി.എസ്.ജി.എ സെക്രട്ടറി - 9048110552

<u>താമസ സൗകര്യത്തിനായി ബന്ധപ്പെടേണ്ട ഫോൺ നം:</u>

| | | |
|---|---|---|
| ശ്രീ. **സന്തോഷ് പി. ആർ(കൺവീനർ)** | - | 9847233666 |
| ശ്രീ. മനോജ് എം.എൻ | - | 7012754901 |
| ശ്രീമതി. അശ്വതി(**കൺവീനർ)** | - | 9961724099 (പെൺകുട്ടികൾക്കുള്ള) |
| ശ്രീമതി. രജനി എ | - | 9747380089 (പെൺകുട്ടികൾക്കുള്ള) |

## <u>നിർദ്ദേശങ്ങൾ</u>

1. സംസ്ഥാന തല സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റ് മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ
   i. **<u>https://sports.kite.kerala.gov.in</u>** എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് ശേഷം ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കേറ്റ് സ്കൂൾ പ്രിൻസിപ്പൽ / പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയത്. (1 കോപ്പി)
   ii. പ്രിൻസിപ്പൽ / പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ ജനന സർട്ടിഫിക്കറ്റ് (1 കോപ്പി)
   iii. പ്രിൻസിപ്പൽ / പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ ആധാർ സർട്ടിഫിക്കറ്റ് (1 കോപ്പി)
   iv. **<u>www.subrotocup.in</u>** എന്ന വെബ്സൈറ്റിൽ ഫീസ് അടച്ച് രജിസ്റ്റർ ചെയ്തതിന്റെ രസീത് (ഒർജിനൽ & 1 കോപ്പി)
   v. **പ്രിൻസിപ്പൽ / പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്താത്ത ഒരു രേഖകളും രജിസ്ട്രേഷനായി പരിഗണിക്കുകയില്ല.**

2. രജിസ്ട്രേഷൻ സമയത്ത് കുട്ടികൾക്ക് നൽകുന്ന പാർട്ടിസിപ്പെന്റ് കാർഡ് ഓരോ മത്സരത്തിനും പരിശോധനക്കായി ഹാജരാകേണ്ടതാണ്.
3. ഓരോ ജില്ലയിൽ നിന്നും വിജയികളായി വരുന്ന ടീമുകളിലെ (അണ്ടർ 15 ആൺ, അണ്ടർ 17 ആൺ / പെൺ) 16 കുട്ടികളും 1 കോച്ച് 1 മാനേജർ എന്നിവരാണ് സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കേണ്ടത്.
4. മത്സരാർത്ഥികൾ, കോച്ച്, മാനേജർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.
5. പ്രിൻസിപ്പൽ / പ്രധാനാദ്ധ്യാപകൻ, ചുമതലപ്പെടുത്തിയ അദ്ധ്യാപകനായിരിക്കണം ടീം മാനേജർ (പ്രിൻസിപ്പൽ / പ്രധാനാദ്ധ്യാപകൻ ടീം മാനേജർമാരായി അദ്ധ്യാപകരെ ചുമതലപ്പെടുത്തികൊണ്ടുള്ള കത്തും, ചുമതലപ്പെട്ട അദ്ധ്യാപകന്റെ സ്കൂൾ ഐ.ഡി. കാർഡും രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്)
6. പെൺകുട്ടികളുടെ ടീമിനൊപ്പം വനിത ടീം മാനേജർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. പ്രിൻസിപ്പൽ / പ്രധാനാദ്ധ്യാപകൻ ചുമതലപ്പെടുത്തുന്ന അദ്ധ്യാപിക ആയിരിക്കണം ടീം മാനേജർ, (പ്രിൻസിപ്പൽ / പ്രധാനാദ്ധ്യാപകൻ വനിത ടീം മാനേജരെ ചുമതലപ്പെടുത്തികൊണ്ടുള്ള കത്തും ചുമതലപ്പെട്ട അദ്ധ്യാപികയുടെ സ്കൂൾ ഐ.ഡി. കാർഡും രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്)
7. ടീം മാനേജർമാർ ഇല്ലാത്ത ടീമുകളുടെ രജിസ്ട്രേഷൻ ചെയ്യുന്നതല്ല
8. ടീം മാനേജേഴ്സായി ചുമതലപ്പെടുത്തുന്ന അദ്ധ്യാപകർ ഹാജരാക്കേണ്ട പ്രിൻസിപ്പൽ / പ്രധാനാദ്ധ്യാപകന്റെ സർട്ടിഫിക്കേറ്റ് <u>www.sports.kite.kerala.gov.in</u> എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. ഇത് പ്രിൻസിപ്പൽ / പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.
9. എല്ലാ ടീം മാനേജർമാർ നിർബന്ധമായും ടീം മാനേജേഴ്സ് മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്. മീറ്റിംഗ് സമയം ചുവടെ ചേർത്തിരിക്കുന്നു.

10. മത്സരത്തിൽ പങ്കെടുക്കുന്ന സ്കൂൾ ടീമുകൾ സ്വന്തം ചിലവിൽ എത്തിച്ചേരേണ്ടതാണ്..
11. അക്കോമഡേഷന്റെ ഭാഗമായി ടീം ഒന്നിന് 2,000/- രൂപ ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടയ്ക്കേണ്ടതാണ്.
12. മത്സരങ്ങൾ നടക്കുന്ന തീയതി, സമയം, സ്ഥലം എന്നിവ താഴെ സൂചിപ്പിച്ചിരിക്കുന്നു.

| വിഭാഗം | തീയതി | റിപ്പോർട്ടിംഗ് സമയം | സ്ഥലം |
|---|---|---|---|
| അണ്ടർ 17 ആൺ | 13/07/2024 | 6.30 AM | ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറിസ്കൂൾ ഗ്രൗണ്ട് |
| അണ്ടർ 17 പെൺ | 13/07/2024 | 6.30 AM | ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറിസ്കൂൾ ഗ്രൗണ്ട് |
| അണ്ടർ 17 ആൺ/പെൺ സെമി ഫൈനൽ, ലൂസേഴ്സ് ഫൈനൽ, ഫൈനൽ | 14/07/2024 | 6.30 AM | ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറിസ്കൂൾ ഗ്രൗണ്ട് |
| അണ്ടർ 15 ആൺ | 14/07/2024 | 6.30 AM | ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറിസ്കൂൾ ഗ്രൗണ്ട് |
| അണ്ടർ 15 ആൺ സെമി ഫൈനൽ, ലൂസേഴ്സ് ഫൈനൽ, ഫൈനൽ | 15/07/2024 | 6.30 AM | ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറിസ്കൂൾ ഗ്രൗണ്ട് |

| ടീം മാനേജേഴ്സ് മീറ്റിംഗ് & ഫിക്സ്ച്ചർ മീറ്റിംഗ് | | | |
|---|---|---|---|
| അണ്ടർ 17 ആൺ | 12/07/2024 | 07.00 PM | ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറിസ്കൂൾ |
| അണ്ടർ 17 പെൺ | 12/07/2024 | 07.00 PM | ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറിസ്കൂൾ |
| അണ്ടർ 15 ആൺ | 12/07/2024 | 07.00 PM | ശ്രീകൃഷ്ണപുരം ഹയർ സെക്കണ്ടറിസ്കൂൾ |

DIRECTORATE OF GENERAL EDUCATION Jagathy, Trivandrum

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർ സെക്കന്ററി)
2. എല്ലാ എ.ഡി മാർക്കും (വി.എച്ച്.എസ്.ഇ)
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
5. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
6. എല്ലാ പ്രഥമാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
7. ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
8. ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)